ശബരിമലയിലെ ഇന്നത്തെ (17.12.2023)ചടങ്ങുകൾ

.............

പുലർച്ചെ 2.30 ന് പള്ളി ഉണർത്തൽ

3 ന്.... തിരുനട തുറക്കൽ.. നിർമ്മാല്യം

3.05 ന് .... പതിവ് അഭിഷേകം

3.30 ന് ...ഗണപതി ഹോമം

3.30 മുതൽ 7 മണി വരെയും 8 മണി മുതൽ 11 .30 മണി വരെയും നെയ്യഭിഷേകം

7.30 ന് ഉഷപൂജ

12 ന് ഇരുപത്തിയഞ്ച് കലശപൂജ

തുടർന്ന് കളഭാഭിഷേകം

12.30 ന് ഉച്ചപൂജ

1 മണിക്ക് ക്ഷേത്രനട അടയ്ക്കും.

വൈകുന്നേരം 3 മണിക്ക് ക്ഷേത്രനട തുറക്കും

6.30ന് ദീപാരാധന

6.45 ന് പുഷ്പാഭിഷേകം

9.30 മണിക്ക് .....അത്താഴപൂജ

10.50ന് ഹരിവരാസനം സങ്കീർത്തനം പാടി 11മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

വാർത്താ കുറിപ്പ് -- 16.12.2023

........

ശബരിമല ക്ഷേത്രത്തിൽ ഭക്തർക്ക് വഴിപാട് നടത്താനായുള്ള ഡിജിറ്റൽ പെയ്മെന്റ് സംവിധാനത്തിന് ശബരിമല സന്നിധാനത്ത് തുടക്കമായി. തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് PS പ്രശാന്ത്

യു പി ഐ സംവിധാനത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. നിലവിൽ വഴിപാടുകൾ നടത്തുന്ന ഭക്തരുടെ കൈയ്യിൽ നിന്ന് രസീത് തുക ക്യാഷ് മാത്രമായി വാങ്ങാനുള്ള സംവിധാനമായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ പുതിയ സംവിധാനം വരുന്നതിലൂടെ ഡിജിറ്റൽ പെയ്മെന്റുകൾ (UPI – Debit/Credit card) എന്നിവയിലൂടെ ഭക്തർക്ക് പണം ഒടുക്കുവാൻ സാധിക്കും. തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലെ എല്ലാ അമ്പലങ്ങളിലും

ഈ സംവിധാനം കൊണ്ടുവരുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരികയാണ്. ഇതോടൊപ്പം ശബരിമലയിലെ ബില്ലിംഗ് കൂടി ഡിജിറ്റൽ ആക്കുന്നുണ്ട്. ആയതിലൂടെ വരുമാനം അക്കൗണ്ടിംഗ് സുഗമമായി നടപ്പിലാക്കുവാൻ സാധിക്കും. ICICI ബാങ്കുമായി ചേർന്നാണ് ഈ സംവിധാനം ഒരുക്കുന്നത്. പൂർണമായും സൗജന്യമായാണ് ഇത് നടപ്പിലാക്കുന്നത്. സുതാര്യമായ tendering പ്രക്രിയയിലൂടെ തിരഞ്ഞെടുത്താണ് ഇതിനായുള്ള അനുവാദം ICICI ബാങ്കിന് നൽകിയത്. ബാങ്കിന്റെ ചീഫ് മാനേജർ അഭിലാഷ് പി.എൻ ചടങ്ങിൽ സംബന്ധിച്ചു.വഴിപാട് കൗണ്ടറുകളുടെ ഡിജിറ്റൽവല്ക്കരണമാണ് ICICI ബാങ്കിലൂടെ ഇപ്പോൾ നടപ്പിലാക്കുന്നതെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് പറഞ്ഞു. ഇത് കൂടാതെ പ്രസാദ കൗണ്ടറുകൾ തുടങ്ങി മറ്റ് എല്ലാ വരുമാനങ്ങളും ഈ രീതിയിൽ നടപ്പിലാക്കുന്നതിൽ എത്രയും വേഗം നടപടി സ്വീകരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

മീഡിയാ സെന്റർ

ശബരിമല സന്നിധാനം

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

കേരള സർക്കാർ

16.12.2023

സുരക്ഷാകവചമൊരുക്കി അഗ്നിരക്ഷാ സേന : 300 പേരടങ്ങുന്ന സംഘം പൂർണ്ണ സജ്ജം

ശബരിമല തീർത്ഥാടകർക്ക് പൂർണ്ണസുരക്ഷ ഉറപ്പാക്കി അഗ്നിരക്ഷാ സേന. എരുമേലി മുതൽ സന്നിധാനം വരെ മുന്നൂറോളം സേന ഉദ്യോഗസ്ഥരാണ് ഡ്യൂട്ടിക്കായി അണിനിരക്കുന്നത് . സന്നിധാനം, കെഎസ്ഇബി, മാളികപ്പുറം, നടപ്പന്തൽ, കൊപ്രക്കളം, ശരംകുത്തി, ഭസ്മക്കുളം, പാണ്ടിത്താവളം, സോപാനം തുടങ്ങിയ പാതകളിൽ അടയന്തിര യൂണിറ്റും ഒരുക്കിയിട്ടുണ്ട്. ഓരോ പോയിന്റിലും എട്ടോളം ഉദ്യോഗസ്ഥരും ,സന്നിധാനത്ത് കൺട്രോൾ റൂമും പ്രവർത്തിക്കുന്നു .

കാനനപാതയിലെ ദുർഘടപാതകളിൽ തളർന്ന് വീഴുന്നവരെയും അടിയന്തര വൈദ്യസഹായം വേണ്ടവരെയും ആശുപത്രിയിലേക്ക് എത്തിക്കുന്നതും സേന തന്നെ. ഇതുവരെ 250 ൽ അധികം അടിയന്തര സുരക്ഷാ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

ഫയർ ഹൈഡ്രൻസ്, ഫയർ ഹോഴ്സ്, മാർഗ്ഗ തടസം ഒഴുവാക്കുന്നതിനുള്ള ഉയർന്ന സംവിധാനം, ബ്ലോവർ, അസ്ക്ക ലൈറ്റ്, അടിയന്തര സാഹചര്യത്തിൽ വൈദ്യുതി ഉറപ്പാക്കാൻ മിനി ജനറേറ്റർ, ഹൈഡ്രോളിക് കട്ടർ തുടങ്ങി അടിയന്തര സുരക്ഷ ഉറപ്പാക്കുന്നതിനുള്ള എല്ലാ മുൻകരുതലും ശബരിമലയിൽ അഗ്നിരക്ഷാ സേനയുടെ നേതൃത്വത്തിൽ ഒരുക്കിയിട്ടുണ്ട്.

കൂടാതെ നട അടയ്ക്കുന്ന സമയങ്ങളിൽ സോപാനവും പതിനെട്ടാം പടിയും വൃത്തിയാക്കുന്ന ശുചീകരണ പ്രവർത്തിയും നിശ്ചിത ഇടവേളകളിൽ അഗ്നിരക്ഷാ വകുപ്പിലെ ഉദ്യോഗസ്ഥർ നടത്തും. ശബരിമലയിലെയും പമ്പയിലെയുംവ്യാപാര സ്ഥാപനങ്ങളിലും പരിസരങ്ങളിലും സുരക്ഷ ഉറപ്പാക്കി അഗ്നിസുരക്ഷാ ബോധവത്കരണവും പരിശോധനയും ഇവരുടെ ചുമതലയാണ്.

സന്നിധാനത്ത് അഗ്നിസുരക്ഷാ ഉദ്യോഗസ്ഥരെ ആദരിച്ചു

സർവീസിലെ അവസാന സന്നിധാന ഡ്യൂട്ടി നിർവഹിച്ച് പുതുവർഷത്തിൽ വിരമിക്കാൻ ഒരുങ്ങുന്ന ഫയർ ഫോഴ്സ് ഉദ്യോഗസ്ഥരെ സന്നിധാനത്ത് ആദരിച്ചു. അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർമാരായ കെ ടി അശോക് കുമാർ, ഗ്രേഡ് എ എസ് ടി ഒ അനിൽ കുമാർ, സ്റ്റേഷൻ ഫയർ റെസ്ക്യൂ ഓഫീസർ ജോതികുമാർ കെ എ എന്നിവരെയാണ് ആദരിച്ചത്. ദീർഘകാല സേവനത്തിന് ഉപഹാരവും നൽകി.

സന്നിധാനം കൺട്രോൾ റൂമിൽ നടന്ന പരിപാടിയിൽ സ്പെഷ്യൽ ഫയർ ഓഫീസർ എം എസ് സുവി അധ്യക്ഷത വഹിച്ചു. സന്നിധാനം സ്പെഷ്യൽ ഫയർ ഓഫീസർ കലേഷ്കുമാർ, അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ കെ രാജൻ, ഗ്രേഡ് എഎസ്ടിഒ മാരായ കെ സി സജീവൻ, അനിൽകുമാർ ജി, ഷാജി പി എസ്, പ്രദീപ് കെ, ഫയർ റെസ്ക്യൂ ഓഫീസർമാരായ പ്രകാശൻ , ഉണ്ണികൃഷ്ണൻ, എഎസ്ടിഒ അശോക് കുമാർ തുടങ്ങിയവർ പങ്കെടുത്തു.

മീഡിയാ സെന്റർ

ശബരിമല സന്നിധാനം

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

കേരള സർക്കാർ

16 .12.2023

കുട്ടികൾക്ക് പ്രത്യേക ദർശന സൗകര്യം ഒരുക്കും : ദേവസ്വം ബോർഡ് പ്രസിഡന്റ് പി എസ് പ്രശാന്ത്

ശബരിമലയിലെത്തുന്ന കുട്ടികൾക്ക് പ്രത്യേക ദർശന സൗകര്യം ഒരുക്കുമെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് പി എസ് പ്രശാന്ത്. പതിനെട്ടാം പടി കടന്നെത്തുന്ന കൊച്ചയ്യപ്പന്മാർക്കും കൊച്ചുമാളികപ്പുറങ്ങൾക്കും ഭഗവാന്റെ ദർശനം നല്ലതുപോലെ ലഭിക്കാത്ത സാഹചര്യം ഉണ്ട്. ഇത് ഒഴിവാക്കാൻ കുട്ടികളെ മുൻനിരയിലേക്ക് എത്തിക്കണം . ഇതിനായി ശ്രീകോവിലിനടുത്ത് പ്രത്യേക ഗേറ്റ് സ്ഥാപിച്ച് ,കുട്ടികളെയും അവർക്കൊപ്പമുള്ള ഒരു രക്ഷാകർത്താവിനെയും കടത്തിവിടും. ഈ സംവിധാനം ദുരുപയോഗം ചെയ്യാതിരിക്കാൻ ദേവസ്വം ഗാർഡുമാരും പോലീസും ഡ്യൂട്ടിക്ക് ഉണ്ടാകും . ഉടൻ തന്നെ ഈ സൗകര്യം നടപ്പിലാക്കാൻ ദേവസ്വം പൊതുമരാമത്തിന് കർശന നിർദേശം നൽകിയിട്ടുണ്ട്.

സ്ത്രീകൾക്കും കുട്ടികൾക്കും ഭിന്നശേഷിക്കാർക്കും പരമാവധി സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്ന സർക്കാർ നിർദേശം ദേവസ്വം ബോർഡ് കർശനമായി നടപ്പാകും. ആകെ 9 വരികളാണ് നടപ്പന്തലിൽ ഉള്ളത് .ഇതിൽ ഒന്ന് , രണ്ട് , നാല് , അഞ്ച് , ഏഴ് , എട്ട് വരികൾ ഭക്തജനങ്ങൾക്കും , മൂന്നും ആറും വരികൾ കുടിവെള്ള വിതരണത്തിനും ഒൻപതാമത്തെ വരി കുട്ടികൾക്കും, സ്ത്രീകൾക്കും , ഭിന്നശേഷിക്കാർക്കുമാണ്. ഒൻപതാമത്തെ വരിയിലൂടെ എത്തുന്ന കുട്ടികളെ പോലീസിന്റെ സഹായത്തോടെ സുഗമമായി പതിനെട്ടാം പടി കയറ്റിയശേഷം ശ്രീകോവിലിനടുത്ത് സ്ഥാപിക്കുന്ന പ്രതെയ്ക ഗേറ്റ് വഴി ഭഗവാന്റെ മുന്നിലെത്തിക്കും.

മുൻ വർഷങ്ങളേക്കാൾ ശബരിമലയിലെത്തുന്ന കുട്ടികളുടെ എണ്ണം വർധിച്ചതും ദേവസ്വം ബോർഡിന്റെ ഈ നടപടിക്ക് കാരണമായിട്ടുണ്ടെന്ന് പ്രസിഡന്റ് പറഞ്ഞു. ശബരിമലയിലേക്ക് എത്തുന്ന

കുട്ടികളുടെ കയ്യിൽ പമ്പയിൽ വച്ച് തന്നെ പേരും, രക്ഷാകർത്താവിന്റെ മൊബൈൽ നമ്പറും എഴുതിയ ബാൻഡ് ധരിപ്പിക്കുന്നുണ്ട്. വനിതാ പോലീസിന്റെ നേതൃത്വത്തിലാണ് ഈ കരുതൽ പ്രവൃത്തി നടക്കുന്നത്. കുട്ടികൾ കൂട്ടം തെറ്റാതിരിക്കാൻ ഇക്കാര്യത്തിൽ ഭക്തജനങ്ങൾ പരമാവധി സഹകരിക്കണമെന്നും ദേവസ്വം ബോർഡ് പ്രസിഡന്റ് അഭ്യർത്ഥിച്ചു.

ഡോളി നിരക്ക് പ്രദർശിപ്പിക്കും

ഭക്തജനങ്ങളെ ചൂഷണം ചെയ്യുന്നത് ഒഴിവാക്കാൻ അതത് സ്ഥലങ്ങളിൽ ഡോളി നിരക്ക് പ്രദർശിപ്പിക്കാൻ കർശന നിർദേശം നല്കയിട്ടുണ്ടെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് പി എസ് പ്രശാന്ത് അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട പരാതികൾ ഒഴിവാക്കാൻ സ്പെഷ്യൽ കോ ഓർഡിനേറ്ററെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഗസ്റ്റ് ഹൗസുകളിലെ താമസ സൗകര്യം

ഗസ്റ്റ് ഹൗസുകളിലെ താമസ സൗകര്യം കുറ്റമറ്റതാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദേശം നൽകിയിട്ടുണ്ട്. പരാതികൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി 15 ഓളം മുറികൾ മാറ്റിയിടുന്നത് ആലോചനയിലാണ്. അപ്രതീക്ഷിത കാരണങ്ങളാൽ മുറികൾ ലഭിക്കാത്ത സാഹചര്യം വന്നാൽ തുക മടക്കി നൽകും.

ദേവരണ്യം പദ്ധതി

ദേവസ്വം ബോർഡിന്റെ ഭാഗമായുള്ള ക്ഷേത്രങ്ങളിൽ മുൻപ് നടപ്പാക്കി വന്നിരുന്ന ദേവരണ്യം പദ്ധതി പുനഃരുജ്ജീവിപ്പിക്കുമെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ്. ചെടി നട്ട്പിടിപ്പിച്ച് ക്ഷേത്രങ്ങളിലെ പൂജയ്ക്ക് ആവശ്യമായ പുഷ്പങ്ങൾ അതതിടങ്ങളിൽ നിന്ന് തന്നെ ശേഖരിക്കുകയാണ് ദേവരണ്യം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. വിശ്വാസികൾക്ക് ക്ഷേത്രത്തിൽ എത്തുമ്പോൾ ഭക്തിനിർഭരമായ അന്തരീക്ഷം ഒരുക്കുവാനും ഇതിലൂടെ സാധിക്കും. ഇതിനായി എല്ലാ മലയാള മാസം ഒന്നാം തീയതി ഭക്തരും , ക്ഷേത്രഉപദേശക സമിതിയും , ജീവനക്കാരും ചേർന്ന് വിശുദ്ധി ദിനമായി ചെടികൾ നടുന്നതടക്കമുള്ള പ്രവർത്തികളിൽ ഏർപ്പെടും. തുളസി, അരളി, ജമന്തി പോലുള്ളവയാകും

കൂടുതലും വച്ച് പിടിപ്പിക്കുക . ക്ഷേത്ര പരിസരം ശുചിയായി നിലനിർത്തുന്നതിനും ദേവരണ്യം പദ്ധതി ഉപകരിക്കും.